പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1571

03/10/2011 - ൽ
മറുപടിക്ക്

## സമരങ്ങളെ നേരിടൽ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം.എ. ബേബി<br>,, വി. ശിവൻകുട്ടി<br>,, ആർ.രാജേഷ്<br>,, എം. ഹംസ | ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി |
| (എ) പെട്രോൾ വില വീണ്ടും വർദ്ധിച്ചതിനെതിരെ വിവിധ വിഭാഗം ജനങ്ങളിൽ നിന്ന് ശക്തമായ പ്രതിഷേധം ഉയർന്നുവന്നിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) ഇത്തരം പ്രതിഷേധ സമരങ്ങളെ ലാത്തിയും തോക്കും ഗ്രനേഡും ഉപയോഗിച്ച് പോലീസ് സേനയെക്കൊണ്ട് അടിച്ചമർത്താമെന്ന് കരുതുന്നുണ്ടോ; | (ബി) പൊതുജനങ്ങളുടെ സഞ്ചാര സ്വാതന്ത്ര്യം തടസ്സപ്പെടുമ്പോഴും, പൊതു, സ്വകാര്യ സ്വത്തുക്കൾ നശിപ്പിക്കപ്പെടുന്ന സ്ഥിതി വരുമ്പോഴും, സമാധാന ജീവിതത്തിന് ഭംഗം വരുന്ന സാഹചര്യത്തിലും, സമരക്കാർ അക്രമാസക്തരാകുമ്പോഴും മാത്രമാണ് ക്രമസമാധാനപാലനത്തിന് ചുമതലപ്പെട്ട പോലീസ്, സാഹചര്യങ്ങൾക്കനുസൃതമായി ഇടപെടുന്നത്. |
| (സി) പ്രതിഷേധ സമരങ്ങളെ സംസ്ഥാനത്ത് ഇതിനകം എത്ര സ്ഥലങ്ങളിൽ പോലീസ് നേരിടുകയുണ്ടായി; എത്ര പേർക്ക് പരിക്ക് പറ്റുകയുണ്ടായി ; എത്ര പേരെ അറസ്റ്റു ചെയ്യുകയുണ്ടായി; | (സി) സമരക്കാർ അക്രമാസക്തരായപ്പോൾ ക്രമസമാധാനപാലനത്തിനായി ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥർ 8 സ്ഥലങ്ങളിൽ ഇടപെടുകയുണ്ടായി. 11പേർക്ക് പരിക്കും 152 പേരെ അറസ്റ്റ് ചെയ്യുകയുമുണ്ടായി. |

| | | | |
|---|---|---|---|
| (ഡി) | സമരങ്ങളെപോലീസിനെ ക്കൊണ്ട് അടിച്ചമർത്തുന്നത് ഈ സർക്കാർ ഒരു നയമായി സ്വീകരിച്ചിട്ടുണ്ടോ ? | (ഡി) | സമരങ്ങളെ അടിച്ചമർത്തുന്നത് സർക്കാർ നയമല്ല. എന്നാൽ സമരങ്ങളുടെ പേരിൽ ജനങ്ങളുടെ സ്വൈരജീവിതം തടസ്സപ്പെടാതെ നോക്കേണ്ട കർത്തവ്യവും ബാധ്യതയും സർക്കാരിനുണ്ട്. കൂടാതെ പൊതു, സ്വകാര്യ മുതലുകൾ നശിപ്പിക്കപ്പെടാതെ സംരക്ഷണം നൽകേണ്ടതും സർക്കാരിന്റെ കടമ-യാണ്. ക്രമസമാധാനപാലന ചുമതല നിക്ഷിപ്തമായിരിക്കുന്ന പോലീസ് അത് നിറവേറ്റുന്നതിന് ആവശ്യമായ നടപടികൾ യുക്താനുസരണം സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ